# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1428 03.12.2015-ലെ മറുപടിക്ക്

## ബജറ്റിൽ പരിഗണന നൽകി പ്രഖ്യാപിച്ച ബൈപാസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കെ. നാരായണൻ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ). | ഈ സർക്കാരിന്റെ ആദ്യബജറ്റിൽ (2011- 2012) പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ബൈപാസുകൾ ഏതെല്ലാമായിരുന്നു; വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാരിന്റെ ആദ്യബജറ്റിൽ (2011- 2012) പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ബൈപാസുകൾ കൊല്ലം ബൈപാസ്, ആലപ്പുഴ ബൈപാസ്, ചങ്ങനാശ്ശേരി വെസ്റ്റേൺ ബൈപ്പാസ്, പാലക്കാട് KSRTC Link road, അയർക്കുന്നം കുറ്റില്ലം ബൈപ്പാസ്, കോട്ടയം, പാറക്കടവ് ജ്യോതിസ് ജംഗ്ഷൻ ബൈപ്പാസ് - കട്ടപ്പന, തൃശ്ശൂർ അമ്പലനഗർ - മണ്ണുത്തി ബൈപ്പാസ് എന്നിവയാണ് |
| (ബി) | ഇതിൽ എത്രയെണ്ണത്തിന്റെ പണി ആരംഭിക്കാൻ കഴിഞ്ഞു; എത്ര പദ്ധതികൾ പൂർത്തീകരിച്ചു ; നാളിതുവരെ പ്രവൃത്തി ആരംഭിക്കാനാകാത്ത പദ്ധതികൾ എത്ര; വിശദമാക്കുമോ? | (ബി) | കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ പണി ആരംഭിച്ചിട്ടുണ്ട്. പാലക്കാട് KSRTC Link road, പാറക്കടവ് ജ്യോതിസ് ജംഗ്ഷൻ ബൈപ്പാസ് - കട്ടപ്പന എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി വെസ്റ്റേൺ ബൈപ്പാസിന്റെ സർവ്വേ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. അയർക്കുന്നം കുറ്റില്ലം ബൈപ്പാസ് - കോട്ടയം എന്നീ പദ്ധതികളുടെ ലാൻഡ് അക്വിസിഷൻ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. |

തൃശ്ശൂർ അമ്പലനഗർ- മണ്ണുത്തി ബൈപ്പാസ് റോഡിന്റെ മണ്ണുത്തിമുതൽ പവർ ഹൗസ് ജംഗ്ഷൻ - 8 കി.മീറ്ററിന്റെ അലൈൻമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികൾക്കായി ആദ്യ ബജറ്റിൽ ഉൾപ്പെടുത്തിയ തുകയെത്രയെന്നും തുടർന്നുള്ള ബജറ്റുകളിൽ തുക വകയിരുത്തിയിരുന്നോയെന്നും വ്യക്തമാക്കുമോ?

കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾക്കായി 2011 - 2012 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ടായിരുന്നില്ല. തുടർന്നുള്ള ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടായിരുന്നു. ചങ്ങനാശ്ശേരി വെസ്റ്റേൺ ബൈപ്പാസ്, പാലക്കാട് KSRTC Link road, അയർക്കുന്നം കുറ്റില്ലം ബൈപ്പാസ്, കോട്ടയം, പാറക്കടവ് ജ്യോതിസ് ജംഗ്ഷൻ ബൈപ്പാസ് - കട്ടപ്പന, തൃശ്ശൂർ അമ്പലനഗർ - മണ്ണുത്തി ബൈപ്പാസ് എന്നിവയ്ക്ക് ആദ്യബജറ്റിൽ (2011 – 2012) -ൽ 6 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. തുടർന്നുള്ള ബജറ്റിൽ പ്രസ്തുത പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നില്ല.

(ഡി) പ്രസ്തുത പദ്ധതികൾക്കായി ഖജനാവിൽ നിന്നും ഇതിനകം പിൻവലിച്ച തുകയെത്ര; വിശദമാക്കുമോ ?

വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്

**സെക്ഷൻ ഓഫീസർ**